# ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്

## ഫിലിപ്പിയർ 4:6–7

**"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടതു. എന്നാൽ സകലബുദ്ധിയെയും കവിയുന്ന ദൈവ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കും."**

അനുദിന ജീവിതത്തിൽ കഷ്ടപ്പാടുകളിലും മറ്റും ആശങ്കപ്പെടുന്നവരാണ് നമ്മൾ ഓരോരുത്തരും. ജോലി, വിവാഹം, മക്കൾ, മക്കളുടെ ഭാവി... അങ്ങനെ പോകുന്നു മനുഷ്യരുടെ ആകുലതകളും ആശങ്കകളും. എന്തുകൊണ്ടാണ് നിസ്സാരപ്രശ്നങ്ങൾ നേരിടുമ്പോൾ പോലും നാം ആശങ്കപ്പെട്ട് ആകുലതപ്പെടുന്നത്? നാം ആകുലതപ്പെടുന്നതുകൊണ്ട് ആയുസ്സിന്റെ ഒരു മുഴമെങ്കിലും നമുക്ക് കൂട്ടാൻ സാധിക്കുമോ? നെബുഖെദ്നേസർ രാജാവ് നിർത്തിയ ബിംബത്തെ വണങ്ങാഞ്ഞതിന് തീച്ചൂളയിലേക്കെറിയപ്പെട്ട ശദ്രക്കും, മേശെക്കും, അബേദ്നെഗോവും ആകുലപ്പെട്ടോ? രാജാവിന്റെ കൽപനയോട് അവർ നൽകിയ മറുപടി എന്താണെന്ന് നമുക്കറിയാം, "നെബുഖെദ്നേസരേ ഈ കാര്യത്തിൽ ഉത്തരം പറവാൻ ആവശ്യമില്ല, ഞങ്ങൾ സേവിക്കുന്ന ദൈവത്തിന്നു ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും വിടുവിക്കും." ദൈവം അവരെ തീച്ചൂളയിൽ നിന്നും വിടുവിച്ചു. ദാനിയേലിന്റെ ജീവിതത്തിലും ഈ ഒരു അനുഭവം ദൈവം പ്രവൃത്തിച്ചു, രാജാവിനോട് അപേക്ഷിക്കണം എന്ന് രാജ കൽപന നിലനിൽക്കേ അതു ലംഘിച്ച് ദൈവത്തോട് പ്രാർത്ഥിച്ച ദാനിയേലിനെ രാജാവ് സിംഹക്കുഴിയിൽ ഇടുന്നതായി നാം വചനത്തിൽ വായിക്കുന്നു. എന്നാൽ അവിടെ തന്റെ ദാസനെ കാക്കുവാൻ ദൈവം സിംഹത്തിന്റെ വായ് അടച്ചുകളഞ്ഞതായി നാം കാണുന്നു.

ശദ്രക്കിനേയും, മേശെക്കിനേയും, അബേദ്നെഗോവേം പോലെ നമ്മിൽ എത്രപേർക്ക് പറയാനാകും, ഏത് പ്രതിസന്ധികളിലും പ്രശ്നങ്ങളിലും എന്റെ കർത്താവ് എന്നെ കരുതുമെന്ന്, വിടുവിച്ച് പരിപാലിക്കുമെന്ന്. മറിച്ച് നാമോ വിചാരപ്പെട്ടുകൊണ്ട് ആശ്രയത്തിനുവേണ്ടി ഈ ലോകത്തിന്റെ പിന്നാലെ ഓടി അതിലെല്ലാം പരാജിതരായി കഴിയുമ്പോൾ മാത്രമാണ് ഈ നല്ലവനായ പിതാവാം ദൈവത്തിന്റെ സന്നിധിയിലേക്ക് നമ്മുടെ ആവശ്യവുമായി സമീപിക്കുന്നത്. പ്രാർത്ഥനയാലും അപേക്ഷയാലും നമ്മുടെ ആവശ്യങ്ങളും സങ്കടങ്ങളും കർത്താവിൽ സമർപ്പിച്ചാൽ നമ്മുടെ ഹൃദയങ്ങളെ

ദൈവീകസമാധാനം കൊണ്ട് അവൻ നിറെയ്ക്കും. സകലത്തിൽ നിന്നും കർത്താവ് നമ്മെ വിടുവിക്കും. ഈ ലോകത്തിലുള്ള ആശ്രയം ക്ഷണികമാണ്, നമ്മുടെ അനന്തമായ രക്ഷകർത്താവാണ്. അവനിൽ ആശ്രയിച്ചു ജീവിക്കുമ്പോൾ, അവന്റെ കരങ്ങളിലേക്ക് നമ്മെ നൽകുമ്പോൾ അവൻ നമ്മെ വീണ്ടെടുക്കും. നമ്മുടെ ഹൃദയത്തിന്റെ വാതിലുകളെ അവനുവേണ്ടി നാം തുറന്നു നൽകണമെന്നു മാത്രം. ഒന്നിനെകുറിച്ചും വിചാരപ്പെടാതെ കർത്താവിൽ ആശ്രയിച്ചു നമുക്ക് ജീവിക്കാം. നമുക്ക് വേണ്ടി കാൽവറിയിൽ യാഗമായി തീർന്ന യേശുവിന്റെ സ്നേഹത്തിൽ ജീവിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

**ഫിലിപ്പിയർ 4:13**

എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു.

## സിസ്റ്റർ റീനു ജെയിംസ് കങ്ങഴ 003